രാമവമ്മ തമ്പുരാൻ.—ശവമ്മെണ്ടു സ്ഥലമായിരിയ്ക്കും.

Assignment of porambokes—Porathisseri, etc., Villages.

153 മിസ്റ്റർ കെ. പി. വള്ളോൻ.—പൊറത്തിശ്ശേരി വില്ലേജിലേയും കാറളം വില്ലേജിലേയും അധഃകൃതർ പുറമ്പോക്കു സ്ഥലം പതിച്ചുകൊടുക്കുവാൻ അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽഎത്ര കൊല്ലത്തിൽ; പതിച്ചുകൊടുത്തുവൊ; ഇല്ലെങ്കിൽ എന്തുകൊണ്ടു?

രാമവമ്മതമ്പുരാൻ.—ഉവ്വ്; ഫാറംകൾ; പുറമ്പോക്ക് സ്ഥലങ്ങളം പതിച്ചുകൊടുക്കുന്നതിനു് ആവശ്യമായ നടപടികളം നടത്തിവരുന്നുണ്ടു്.

മിസ്റ്റർ എം. കെ. രാമൻ.—സ്ഥലങ്ങളം പതിച്ചു കൊടുക്കുന്നതിനു് ആവശ്യമായ നടപടികളം നടത്തിവരുന്നുണ്ടെന്നു പറയുന്നു. അങ്ങിനെ നടപടി നടത്തി തുടങ്ങീട്ടു് എത്ര കൊല്ലമായി?

രാമവമ്മതമ്പുരാൻ.—അതു് ഏതുനിലയിൽ ഇരിക്കുന്നുവെന്നു നിശ്ചയമില്ല.

മിസ്റ്റർ എം. കെ. രാമൻ.—നടപടി ഇപ്പോളം നടക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—ഉണ്ടു്.

Depressed Classes—Maruvancheri.

154 മിസ്റ്റർ കെ. പി. വള്ളോൻ.—മുകുന്ദപുരം താലൂക്കിൽ പെങ്ങാലൂർ വില്ലേജിൽ മരുവാഞ്ചേരി എന്ന ദേശത്തുള്ള അധഃകൃതർ കുടിക്കാൻ വെള്ളമില്ലെന്നൊ കുടിക്കാൻ സ്ഥലമില്ലെന്നൊ പറഞ്ഞു് ഫാറംകൾ ഒന്നോ രണ്ടോ ഹർജികളം അയച്ചിട്ടുണ്ടോ? സംരക്ഷകനം കിട്ടിയോ ഇല്ലെങ്കിൽ എന്തുകൊണ്ടു്?

രാമവമ്മതമ്പുരാൻ.—ഹർജികളം കിട്ടീട്ടുണ്ടു്. പെങ്ങാലൂർ അധഃകൃതർക്കു കിണർ കുത്തിച്ചുകൊടുപ്പാനും സ്ഥലംപതിച്ചുകൊടുപ്പാനും നടപടികളം നടത്തിവരുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇപ്പോളം അധഃകൃതർക്കു് കുടിയ്ക്കുവാൻ വെള്ളം കിട്ടത്തക്കവണ്ണം കിണർ കുത്തിച്ചു കൊടുത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ആലോചിച്ചു വരുന്നേയുള്ളു, ഓർഡർ ആയിട്ടു കഴിഞ്ഞിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—കുടിയ്ക്കുവാൻ വെള്ളം കിട്ടാഞ്ഞിട്ടാണു് ഹർജികളം അയയ്ക്കുന്നതു. കിണർ കുത്തിച്ചു കൊടുക്കുവാൻ ഉള്ള പണം അനുവദിച്ചു കഴിഞ്ഞിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഇല്ല. പണമുണ്ടാകുമ്പോളം ആവശ്യമാണെന്നു കണ്ടാൽ ചെയ്തുകൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly